"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/അടിയന്തിരം**

**നമ്പർ: H4-33761/17**

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 24.10.2017.
Email : **swdkerala@gmail.com**
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീ. മൈക്കിൾ ജോൺ,
കൊന്നയ്ക്കപ്പള്ളി,
അവലൂക്കുന്ന് പി.ഒ.,
ആലപ്പുഴ.

സർ,

| | |
|---|---|
| വിഷയം:- | സാമൂഹ്യ നീതി ഡയറക്ടറേറ്റ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്: |
| സൂചന:- | ഗവ. കത്ത് നം. 1780186/D1/17/സാ.നീ.വ., തീയതി. 23.09.2017. |

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷയിൽ ചോദ്യം നം. 5-നുള്ള മറുപടി ചുവടെ ചേർക്കുന്നു.

07.09.2012-ലെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാകുന്നതിനായി 12 രൂപ "0070-60-118-99-Receipts under RTI Act 2005" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഹാജരാക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ചിരിക്കുന്ന മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ നിശ്ചിത പരിധിയ്ക്കുള്ളിൽ അപ്പലേറ്റ് അതോറിറ്റിയായ അഡീഷണൽ ഡയറക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

അഡീഷണൽ ഡയറക്ടറുടെ വിലാസം:

**അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**5-ാം നില, വികാസ് ഭവൻ,**
**തിരുവനന്തപുരം - 695 033.**
**Ph: 0471 2302887.**

വിശ്വസ്തതയോടെ,

## പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് 7.9.2012 ൽ കൂടിയ എക്സ്പർട്ട് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ്

ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ ക്ലാസ് 1, ക്ലാസ് 2 തസ്തികകൾ കണ്ടെത്തുന്നതിന് ജി.ഒ(പി) നം.24/2008/SWD തീയതി 11.4.2008 പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി സാമൂഹ്യക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ 7.9.2012 ന് രാവിലെ 11 മണിയ്ക്ക് സെക്രട്ടറിയുടെ ചേംബറിൽ വച്ച് യോഗം ചേർന്നു.

ആമുഖമായി ക്ലാസ് 1, ക്ലാസ് 2 തസ്തികകളിൽ വിവിധ വിഭാഗത്തിൽപ്പെട്ട വികലാംഗർക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള 13.10.2009 ലെ G.O(P)No.43/2009/SWD എന്ന ഗവൺമെന്റ് ഉത്തരവിലെ അപാകതകൾ മൂലം ഉണ്ടായ പരാതികളും അതേ തുടർന്നുണ്ടായ കേസുകളും ചർച്ച ചെയ്യുകയുണ്ടായി.

PWD ആക്ട് 1995 ൽ ഡിസെബിലിറ്റി, ബ്ലൈൻഡ്നെസ്, ലോ വിഷൻ, ലോക്കോമോട്ടർ ഡിസെബിലിറ്റി, ഹിയറിംഗ് ഇംപയർമെന്റ് എന്നിവയെക്കുറിച്ചുള്ള നിർവ്വചനം ചർച്ച ചെയ്തു. സെക്ഷൻ 32 ൽ ആധുനിക സാങ്കേതിക വിദ്യയുടെ വികസന മുന്നേറ്റത്തിനനുസരിച്ച് മൂന്ന് വർഷത്തിലധികരിക്കാത്ത ക്രമമായ ഇടവേളകളിൽ വികലാംഗർക്കനുയോജ്യമായ തസ്തികകളുടെ ലിസ്റ്റ് അവലോകനം നടത്തി പുനർ നിർണ്ണയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സഹായ ഉപകരണങ്ങൾ, മതിയായ ട്രെയിനിംഗ്, മറ്റു സഹായങ്ങൾ എന്നിവ ലഭിക്കുന്നതിലൂടെ വികലാംഗർക്ക് പല ജോലികളും ചെയ്യാൻ സാധിക്കുന്നുണ്ട് എന്ന് യോഗം അഭിപ്രായപ്പെട്ടു.

ക്ലാസ് 1, ക്ലാസ് 2 തസ്തികകളിലേയ്ക്കുള്ള വികലാംഗ സംവരണവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ ഉണ്ടായിരുന്ന 6.8.2005 ലെ G.O(P)No.119/2005/SWD എന്ന ഉത്തരവിലെ 20 പോസ്റ്റുകളിലും 13.10.2009 ലെ G.O(P)No.43/2009/SWD എന്ന ഉത്തരവിലെ 48 തസ്തികകൾ ക്ലാസ് I, II വിഭാഗത്തിലും, ക്ലാസ് III വിഭാഗത്തിൽ 4 തസ്തികകളും കണ്ടെത്തിയിട്ടുണ്ട്. വികലാംഗരുടെ യോഗ്യതാ മാനദണ്ഡം (eligibility criteria) സംബന്ധിച്ച് താരതമ്യ പഠനം നടത്തുകയും കൂടുതൽ തസ്തികകൾ ഉൾപ്പെടുത്തുന്നതിനും വിവിധ വിഭാഗത്തിൽപ്പെട്ട കൂടുതൽ വികലാംഗരെ കൂടി സംവരണത്തിന്റെപരിധിയിൽ കൊണ്ടുവരേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി.

1. Vocational Higher Secondary Director ആവശ്യപ്പെട്ട [illegible] വകുപ്പിൽ vocational subject ൽ-Junior/Senior ത[illegible] നിലവിലില്ലെന്നും Vocational Teacher എന്ന മാത്രമാണ് ഉള്ളത് എന്[illegible] E2-15687/A1 dated 12.4.2012 പ്രകാരം അറിയിച്ചിരുന്നു. G.O(P)43/99/SWD Annexure B 3 മുതൽ 4 വരെ തസ്തികകൾ യഥാക്രമം Vocational Teacher എന്ന് പുനർ നാമകരണം ചെയ്യേണ്ടതാണെന്ന് അറിയിച്ചിരുന്നു. ഈ പ്രകാരം വൊക്കേഷണൽ ടീച്ചർ, Vocational Instructor, Non Vocational Teacher(Sr), Non Vocational Teacher(Jr) തസ്തികകൾ കൂടി പുനർ നാമകരണം ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യം വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു. Vocational Teacher, Vocational Instructor, Non Vocational Teacher(Sr), Non Vocational Teacher(Jr) എന്ന ക്രമത്തിൽ partially deaf with hearing impaired ആയിട്ടുള്ളവർക്ക് കൂടി നൽകാൻ തീരുമാനിച്ചു.
2. Insurance Medical Service ഡയറക്ടറുടെ 11.4.2012 ലെ B4-3662/12 DIMS കത്തിൽ ആവശ്യപ്പെട്ട പ്രകാരം ടി വകുപ്പിൽ Assistant Insurance Medical Officer(AIMO) മാരുടെ promotion post ആണ് Insurance Medical Officer(IMO). G.O(P)7/2011/SWD dated 24.1.2011 ലെ ഉത്തരവിൽ വികലാംഗരുടെ ബാക്ക് ലോഗ് നിയമനത്തിൽ (1.1.204 മുതൽ 31.12.2007 വരെ) ടി വകുപ്പിൽ Insurance Medical Officer(IMO) മാരുടെ 7 തസ്തികകൾ Class II വിഭാഗത്തിൽ കണ്ടെത്തിയിരുന്നു. ആയതിനു പകരം Entry തസ്തികയായ Assistant Insurance Medical Officer(AIMO) ആയി പരിഗണിക്കേണ്ടതാണെന്നും കമ്മിറ്റി തീരുമാനിച്ചു.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ Peadiatrics Senior Lecturer തസ്തിക കൂടി വികലാംഗ സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനു കമ്മിറ്റി തീരുമാനിച്ചു.
4. ആരോഗ്യ വകുപ്പിൽ Assistant Surgeon തസ്തികകൂടി Locomotor(Orthopedic) വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
5. Collegeate Education Department ൽ Lecturer in Arabic തസ്തിക നിലവിലുള്ള വിഭാഗങ്ങൾക്കു പുറമേ partially deaf with hearing impaired ആയിട്ടുള്ള വിഭാഗത്തിനു കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

6. Medical Education Department ൽ Senior Lecturer in Phys... Lecturer in Forensic medicine, Senior Lecturer in Nursing, Sen... Lecturer in General Medicine, Tutor Technician തസ്തികകൾ പുതിയതായി സംവരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
7. Assistant Engineer/Assistant Town Planner എന്നീ തസ്തികകളിൽ Partially deaf with hearing impaired ആയവരെ കൂടി പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.
8. Vocational Teacher in Agriculture and Agriculture officer തസ്തികയിൽ Partially deaf with hearing impaired ആയവരെ പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.
9. 13.10.2009 തീയതിയിലെ G.O(P)43/09/SWD ഉത്തരവിൽ അനുബന്ധം B ക്രമ നം.1,2 Higher Secondary School Teacher (Jr) Arts Commerce and Science വിഭാഗത്തിൽ locomotor lower extremities എന്ന വിഭാഗത്തിന് പകരം Locomotor(Ortho) ആയിട്ടുള്ള മുഴുവൻ വിഭാഗത്തെയും കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.
10. 13.10.2009 തീയതിയിൽ G.O(P)43/09/SWD ഉത്തരവിൽ ക്രമ നം.5, Mining Geology വകുപ്പിൽ Assistant Drilling Engineer തസ്തികയിൽ Partially Deaf with Hearing impaired ആയിട്ടുള്ളവരെ പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

തുടർന്ന് ചുവടെ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ അതിന് നേരേ ചേർത്തിട്ടുള്ള വിഭാഗത്തിലുള്ള വികലാംഗർക്ക് കൂടി സംവരണം നൽകുന്നതിനെ കുറിച്ച് വിശകലനം നടത്തുകയും ഇതുവരെ ഉൾപ്പെടാതെയിരുന്ന അംഗപരിമിതർക്ക് ടി സംവരണ ആനുകൂല്യം നൽകേണ്ടതാണെന്നും തീരുമാനിച്ചു.

| Sl.No | Posts | Department | Category |
|---|---|---|---|
| 1. | Assistant Engineer/Assistant Town Planner | Harbour Engineering<br>Archeological Department<br>Mining and Geology<br>Town Planning<br>Irrigation Dept.<br>Public Works Department | Partially deaf with Hearing Impaired<br>Low vision,<br>Locomotor(Orthopaedic)<br>Partially deaf |
| 2. | Assistant Surgeon | Health Services Department | Partially deaf with Hearing Impaired<br>Locomotor(Orthopaedic) |

| | | | |
|---|---|---|---|
| 3. | Agriculture officer | Agriculture Department | Low vision, Partially Deaf with Hearing Impaired Locomotor(Orthopaedic) |
| 4. | Lecturer in Arabic | Collegiate Education Dept. | Locomotor(Orthopaedic) Low vision, partially Deaf & Hearing impaired |
| 5. | Lecturer | Ayurvedic Medical Education Dept. | Locomotor(Orthopaedic) partially Deaf with Hearing Impaired, Low vision |
| 6. | Lecturer(Arts, Commerce & Science) | Collegiate Education | Locomotor(Orthopaedic) Blind, Low vision, Partially Deaf with Hearing Impaired |
| 7. | Insurance Medical Officer/Assistant Insurance Medical Officer | Dept.of Insurance Medical Service | Blind, low vision, Locomotor(Orthopaedic) |
| 8. | Senior Lecturer in Physiology | Medical Education Dept. | Locomotor(Orthopaedic) |
| 9. | Lecturer in Forensic Medicine | Medical Education Dept. | Locomotor(Orthopaedic) Partially Deaf with Hearing Impaired, Low vision |
| 10. | Senior Lecturer in Nursing | Medical Education Dept. | Locomotor(Orthopaedic) Partially Deaf with Hearing Impaired, Low vision |
| 11. | Senior Lecturer in General Medicine | Medical Education Dept. | Locomotor(Orthopaedic) Partially Deaf with Hearing Impaired |
| 12. | Tutor Technician | Medical Education Dept. | Locomotor(Orthopaedic) Partially Deaf with Hearing Impaired, Low vision |
| 13. | Senior Lecturer in Pediatrics | Medical Education Dept. | Locomotor(Orthopaedic) Partially Deaf with Hearing Impaired, Low vision |

| | | | |
|---|---|---|---|
| 14. | Assistant Drilling Engineer | Mining Geology Dept. | Deaf, Low vision, Partially deaf with hearing impaired Locomotor(Orthopaedic) |
| | | Class III Category | |
| 15. | Higher Secondary School Teacher(Jr) Arts & Commerce | Higher Secondary Education Department | Locomotor(Orthopaedic) Blind, Low vision |
| 16. | Higher Secondary School Teacher(Jr) Science | Higher Secondary Education Department | Locomotor(Orthopaedic) Low vision |
| 17. | Vocational Teacher Vocational Instructor | Vocational Higher Secondary Education Department | Partially deaf with Hearing Impaired, Low vision, Locomotor (Orthopaedic) |
| 18. | Non-Vocational Teacher(senior) Non-Vocational Teacher(Junior) | Vocational Higher Secondary Education | Locomotor(Orthopaedic) Low vision,Partially deaf with Hearing Impaired |

ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രസ്താവിച്ചിട്ടുള്ള തസ്തികകൾ കൂടി ഉൾപ്പെടുത്തി 6.8.2005 ലെ G.O(P)No.119/2005/SWD, 13.10.2009 ലെ G.O(P)No.43/2009/SWD എന്നീ ഉത്തരവുകൾ സംയോജിപ്പിച്ചുള്ള ഒരു പുതിയ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് മുമ്പായി ഇവരുടെ വൈകല്യത്തിന്റെ തോത് അറിയുന്നതിന് ജില്ലാ തലത്തിലുള്ള മെഡിക്കൽ ബോർഡിന്റെ പരിശോധന കൂടി ആവശ്യമാണെന്ന് യോഗം തീരുമാനിച്ചു.

മീറ്റിംഗ് 1.15 ന് അവസാനിച്ചു.

പ്രസ്തുത മീറ്റിംഗിൽ ചുവടെ പരാമർശിച്ചിട്ടുള്ളവർ പങ്കെടുത്തു.

1. ഡോ.കെ.എം.എബ്രഹാം.ഐ.എ.സ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
2. ശ്രീമതി.എം.എസ്.ജയ ഐ.എ.സ്, ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
3. ശ്രീ.ടി.ജെ.മാത്യു, സെക്രട്ടറി, പി & എ.ആർ.ഡി
4. ശ്രീമതി.ജെ.ലത, ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ
5. ഡോ.കെ.ജ്യോതീന്ദ്ര കുമാർ, ജോയിന്റ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ
6. ഡോ.അനിൽ കുമാർ.ബി, സീനിയർ കൺസൾട്ടന്റ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ്.
7. ശ്രീ.എ.പി.ഗോപകുമാർ, അണ്ടർ സെക്രട്ടറി, സ്റ്റേറ്റ് കമ്മീഷൻ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്
8. ശ്രീ.വി.എൽ.അനിൽ കുമാർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
9. ശ്രീ.പി.ആർ.റമോൾഡ്, ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
10. ശ്രീ.സാമുവൽ.എൻ.മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്
11. ശ്രീ.റെജി വർഗ്ഗീസ്.പി, അഡീഷണൽ സെക്രട്ടറി, പി & ഇ.എ ഡിപ്പാർട്ടുമെന്റ്.
12. ശ്രീ.മനോജ് കുര്യൻ, നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ്
13. ശ്രീമതി.വസന്തകുമാരി, അഡീഷണൽ ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്